ഉത്തരം

(എ) എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പരിശോധിക്കാവുന്നതാണ്.

കുണ്ടുമൺ പാലത്തിന്റെ നിർമ്മാണ പുരോഗതി

73 [625] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പള്ളിമൺ ആറിനു കുറുകെയുള്ള കുണ്ടുമൺ പാലത്തിന്റെ നിർമ്മാണം ഏതു ഘട്ടംവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വർഷംതന്നെ ഇതിന്റെ പണി പൂർത്തീകരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ പണി എന്നത്തേയ്ക്ക് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലത്തിന്റേയും അപ്രോച്ച് റോഡിന്റെയും ഏകദേശം 23% പണികളേ പൂർത്തിയായിട്ടുള്ളൂ.

(ബി, സി) പാലം പണി ഏറ്റെടുത്ത കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി സറണ്ടർ ചെയ്യുന്നതിനായി അഭ്യർത്ഥിച്ചിരിക്കുകയാണ്. നിലവിലുള്ള കരാർ റദ്ദ് ചെയ്ത് പുതിയ കരാർ വച്ച് 15 മാസത്തിനകം പാലം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റെയിൽവേ മേൽപ്പാലങ്ങൾക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ടോൾ ഒഴിവാക്കാൻ നടപടി

74 [626] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 17-ൽ ഇപ്പോൾ നിർമ്മാണത്തിലുള്ള റെയിൽവേ മേൽപ്പാലങ്ങൾക്ക് ടോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റെയിൽപാതാ വകുപ്പിന്റെ വിഹിതം ലഭ്യമാക്കി ടോൾ ഒഴിവാക്കാൻ കഴിയുമോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) വിഹിതം ലഭ്യമാക്കാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ടോൾ ഏർപ്പെടുത്തുക വഴി ജനങ്ങളുടെമേൽ അധികഭാരം ചുമത്തുന്ന നടപടി ഒഴിവാക്കാൻ മറ്റെന്തെങ്കിലും മാർഗ്ഗം സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—ഡി) റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ചു നിർമ്മിച്ച റെയിൽവേ മേൽപ്പാലങ്ങളുടെ ഗുണഭോക്താക്കളിൽ നിന്നും ടോൾ പിരിച്ച് ടി സ്ഥാപനം ഇതിലേയ്ക്കായി ചെലവഴിച്ച തുക സമാഹരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു. തീരുമാനമെടുക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ജനപ്രതിനിധികൾ, മറ്റു സംഘടനകൾ എന്നിവരുമായി ചർച്ച നടത്താനുദ്ദേശിക്കുന്നു.

റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി

75 [627] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്-വെസ്റ്റ് നല്ലൂർ-കരുവൻതിരുത്തി ബൈപാസ് റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് അലൈൻമെന്റ് പ്ലാൻ റെയിൽവേ അധികൃതരുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ടി മേൽപ്പാലം പണിയുന്നതിനായി അലൈൻമെന്റ് പ്ലാൻ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിയ്ക്കയാണ്. റെയിൽവേയുടെ അംഗീകാരം ലഭിച്ചശേഷം മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മലബാർ മേഖലയിലെ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം

76 [628] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, എം. വി. ഗോവിന്ദൻമാസ്റ്റർ:
,, മഞ്ഞളാംകുഴി അലി:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly